KERALA INSTITUTE OF LOCAL ADMINISTRATION
An autonomous body constituted by the Government of Kerala

Ph : Off (0487) 2200244, 2201768.
2201061,2201403.
Guest House : 2201779.
Fax: (0487) 2201062.
E-mail : kila@md2.vsnl.net.in
mail@kilaonline.org
Website: www.kilaonline.org

നം–കില ടിപി(ബി) 830/2013 6.12.2013

സ്വീകർത്താവ്

എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡണ്ടുമാർ

എല്ലാ നഗരസഭകളിലേയും ചെയർപേഴ്സൺമാർ

സർ,

വിഷയം: കുടിവെള്ളം, ശുചിത്വം–ഗ്രാമസഭാ/വാർഡ്സഭാ മെമ്പർമാർക്കുള്ള പരിശീലന പരിപാടികൾ

സൂചന: കിലയിൽ നിന്നും 19.10.2013 തീയതിയിൽ അയച്ച ഇതേ നമ്പർ കത്ത്

ജനപങ്കാളിത്തത്തോടെ കുടിവെള്ള പ്രശ്നപരിഹാരത്തിനും ശുചിത്വസമൂഹത്തിനും വേണ്ടി ഗ്രാമസഭാ/വാർഡ്സഭാ മെമ്പർമാർക്കുള്ള പരിശീലന പരിപാടിയുടെ പ്രവർത്തന ങ്ങൾ നടന്ന് വരികയാണല്ലോ. ബ്ലോക്ക്തല റിസോഴ്സ് പേഴ്സൺമാർക്കുള്ള സംസ്ഥാന തല പരിശീലനവും തദ്ദേശഭരണസ്ഥാപനതല റിസോഴ്സ് പേഴ്സൺമാർക്കുള്ള ബ്ലോക്ക് തല പരിശീലനവും ഇതിനകം പൂർത്തിയായി കഴിഞ്ഞു. തദ്ദേശഭരണസ്ഥാപനതല പരിശീലനങ്ങൾ നടന്ന് വരികയാണ്. ചിലയിടങ്ങളിൽ വാർഡ്തല പരിശീലനം ആരംഭിക്കു കയും ചെയ്തിട്ടുണ്ട്.

വളരെ മെച്ചപ്പെട്ട പങ്കാളിത്തത്തോടെ ഫലപ്രദമായ രീതിയിൽ ഇതുവരെയുള്ള പരിശീ ലനങ്ങൾ നടന്നിട്ടുണ്ട് എന്നുള്ളത് ഈ പരിശീലനത്തിന്റെ ആവശ്യകതയും പ്രാധാന്യവും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട് എന്നതിന്റെ തെളിവാണ്. ഇതുവരെ നടന്ന പ്രവർത്തനങ്ങൾ വിജയപ്രദമാക്കുന്നതിന് താങ്കളും മറ്റ് ജനപ്രതിനിധിക ളും അവിടുത്തെ ഉദ്യോഗസ്ഥരും നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്, ഓരോരുത്തർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

വാർഡ്തല പരിശീലനങ്ങളുടെ വിജയമാണ് ബൃഹത്തായ ഈ പരിശീലനപരിപാടിയുടെ യഥാർത്ഥ വിജയമെന്ന് അറിയാമല്ലോ. വോട്ടർമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വാർഡ്തല പരിശീലനം വിജയിക്കണമെങ്കിൽ തദ്ദേശഭരണസ്ഥാപനതലത്തിലും വാർഡ്തലത്തിലും മികച്ച രീതിയിലുള്ള സംഘാടന–പ്രചരണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. താങ്കളുടേയും മറ്റ് ജനപ്രതിനിധികളുടേയും നേതൃത്വപരമായ ഇടപെടലും തദ്ദേശഭരണ സ്ഥാപനതല റിസോഴ്സ് പേഴ്സൺമാരുടെയും വാർഡ്തല സംഘാടകരുടേയും സജീവ മായ പ്രവർത്തനവും ഉണ്ടായെങ്കിൽ മാത്രമേ വാർഡ്തല പരിശീലനങ്ങൾ പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും വിജയപ്രദമാക്കാൻ കഴിയുകയുള്ളൂ. ഈ മാസവും അടുത്ത മാസവുമായി നടക്കേണ്ട വാർഡ്തല പരിശീലനങ്ങൾ മികച്ചതാക്കുന്നതിന് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.

ബ്ലോക്ക് കോർഡിനേറ്റർ താങ്കളെ നേരിൽ ബന്ധപ്പെട്ട് വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതാണ്

വിശ്വസ്തതയോടെ

ഡയറക്ടർ